പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3921 — 20/07/2015 ൽ മറുപടിയ്ക്ക്

## റീ- സർവ്വേ സംബന്ധിച്ചുണ്ടാകുന്ന ഭൂമി സംബന്ധമായ പരാതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ. | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേ സംബന്ധിച്ച് ഉണ്ടാകുന്ന ഭൂമി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | (എ) റീസർവ്വേ പുരോഗതിയിലിരിക്കുന്ന വില്ലേജുകളിൽ കേരള സർവ്വേ ബൗണ്ടറീസ് നിയമത്തിലെ വകുപ്പ് 9(2) പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ, പ്രസ്തുത പ്രവർത്തനങ്ങളിൽ ആക്ഷേപം സമർപ്പിക്കുന്നതിന് അപ്പീൽ ലാന്റ് കംപ്ലയിന്റ് പ്രകാരം പൊതുജനങ്ങൾക്ക് അവസരം നൽകി വരുന്നു. റീസർവ്വേ പ്രാബല്യത്തിൽ വരുത്തിയ വില്ലേജുകളിൽ എൽ.ആർ.എം. മുഖാന്തിരം ഭൂമി സംബന്ധമായ പരാതികൾക്ക് പരിഹാരം കാണുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) അപ്പീൽ ലാന്റ് കംപ്ലയിന്റ് (എ.എൽ.സി) സർവ്വേ അദാലത്ത് എന്നീ ഭൂപരാതികൾ റദ്ദ് ചെയ്യുന്നതിന് നിലവിൽ നിയമ വ്യവസ്ഥകൾ ഉണ്ടോ; എങ്കിൽ എന്തു വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടപടികൾ സ്വീകരിക്കുന്നത് എന്ന് അറിയിക്കുമോ; പ്രസ്തുത വ്യവസ്ഥകൾ ഉള്ളടക്കം ചെയ്ത പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) അപ്പീൽ ലാന്റ് കംപ്ലയിന്റ് തീരുമാന പ്രകാരം നടപടി പൂർത്തിയാക്കി സെക്ഷൻ 13 പ്രസിദ്ധീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള സർവെ റിക്കാർഡിന്മേൽ ആക്ഷേപമുള്ള പക്ഷം സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13എ അനുസരിച്ച് ആക്ഷേപമുന്നയിച്ച് പ്രസ്തുത തീരുമാന പ്രകാരമുള്ള സർവെ റിക്കാർഡിൽ ഭേദഗതി വരുത്താൻ വ്യവസ്ഥയുണ്ട്. സർവെ അദാലത്ത് പ്രകാരമുള്ള തീരുമാനങ്ങൾക്കെതിരെ ആക്ഷേപമുള്ള പക്ഷം ബന്ധപ്പെട്ട താലൂക്ക് കാര്യാലയങ്ങളിൽ പ്രവർത്തിച്ചു വരുന്ന എൽ.ആർ.എം. സംവിധാനത്തിൽ പരാതി നൽകി സർവെ റിക്കാർഡിൽ ഭേദഗതി വരുത്താവുന്നതാണ്. നിലവിൽ സെക്ഷൻ 13എ അനുസരിച്ച് ലഭിക്കുന്നതും സർവെ അദാലത്ത് പ്രകാരമുള്ള തീരുമാനത്തിനെതിരെ ഉന്നയിക്കപ്പെടുന്നതുമായ എല്ലാ പരാതികളും എൽ.ആർ.എം. സംവിധാനത്തിലൂടെ തീർപ്പാക്കി |

വരുന്നു. പ്രസ്തുത വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന 31/05/2010 ലെ ജി.ഒ.(എം.എസ്സ്) 200/2010/റവന്യൂ നമ്പർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.

(സി) എ.എൽ.സി. അപേക്ഷകൾ, സർവ്വേ അദാലത്ത് അപേക്ഷകൾ എന്നിവ റദ്ദ് ചെയ്യുന്നതിനുള്ള നിയമ പരമായ അധികാരം ഏതൊക്കെ ഉദ്യോഗസ്ഥർക്കാണെന്നും അത്തരത്തിൽ ചെയ്യുമ്പോൾ പാലിക്കേണ്ടുന്ന നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

(സി) എ.എൽ.സി. തീരുമാന പ്രകാരം സെക്ഷൻ 13 പ്രസിദ്ധീകരിച്ച റിക്കാർഡുകളിന്മേൽ ഭേദഗതി വരുത്താൻ സെക്ഷൻ 13എ അനുസരിച്ച് ജില്ലാ കളക്ടർക്ക് അധികാരം നൽകുന്നു. 01/06/2010 ന് മുമ്പുള്ള അദാലത്ത് തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർവെ വകുപ്പിൽ തന്നെ നിക്ഷിപ്തമാണ്. നിലവിൽ റീസർവ്വേ പ്രകാരമുള്ള എല്ലാ വിധ ആക്ഷേപങ്ങളും 31/05/2010 ലെ ജി.ഒ.(എം.എസ്സ്) 200/2010/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ തഹസീൽദാർക്ക് അപേക്ഷ നൽകി പരിഹാരം കാണാവുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്